ഒരു അനുപാതം വച്ചുകൊണ്ട് അവരെ എടുക്കുന്നതിന് ഗവൺമെൻറ് നടപടിയെടുത്തു വരികയാണ്. അവർ സൂപ്പർവൈസറായി വരുമ്പോൾ അവർക്ക് ഉയർന്ന ശമ്പളം ലഭിക്കുന്നതാണ്.

(2) തൃശ്ശൂർ ജില്ലയിൽ വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: തലപ്പള്ളി താലൂക്കിലെ പ്രധാനമായ കൃഷി കമുകും നെല്ലുമാണ്. കഴിഞ്ഞ കൊല്ലത്തെ ദീർഘിച്ച വേനൽ കാരണം ആയിരക്കണക്കിന് കവുങ്ങുകൾ നനയ്ക്കാൻ സാദ്ധ്യമല്ലാതെ ഉണങ്ങിപ്പോകുകയുണ്ടായി. 25-ഉം അൻപതും സെൻറ് സ്ഥലങ്ങളുടെ ഉടമകളാണ് ഈ തോട്ടങ്ങളിൽ 99 ശതമാനവും. അങ്ങനെ ഉണങ്ങിപ്പോയ കവുങ്ങുകൾക്ക് പുറമേ ഉണങ്ങാതെ നിൽക്കുന്ന കവുങ്ങുകളിൽ ഒന്നൊന്നര അടയ്ക്കപോലും ഇക്കൊല്ലം കിട്ടാൻ സാദ്ധ്യതയില്ല. പത്തോ, പതിനഞ്ചോ ദിവസം നനയ്ക്കാൻ സാധിക്കാതെ വന്നാൽ എല്ലാ അടയ്ക്കയും കൊഴിഞ്ഞ് പോകും. ഈ കൊല്ലത്തിൽ ഈ കവുങ്ങുതോട്ടങ്ങൾ മുഴുവനായി നശിച്ചുപോയി. ഉണങ്ങാതെ നിൽക്കുന്ന, മരണ ശയ്യയിൽ നിൽക്കുന്ന കവുങ്ങുകളിൽ നിന്ന് ഒരു ആദായവും കിട്ടാൻ സാദ്ധ്യമല്ല. അങ്ങനെ കഷ്ടപ്പെടുന്നവർക്ക് ഈ ഉണങ്ങിയ തോട്ടങ്ങൾ വീണ്ടും വച്ച് പിടിപ്പിക്കുവാനുള്ള സഹായങ്ങൾ നൽകുകയും അതുമാതിരി കവുങ്ങ് നശിച്ച പറമ്പുടമസ്ഥരിൽ നിന്ന് സൊസൈറ്റികളും മറ്റും ഈടാക്കാനുള്ള കടങ്ങൾക്ക് സമയം അനുവദിക്കുകയും ചെയ്തുകൊണ്ട് അവരെ രക്ഷിക്കണം. അതുമാതിരി താന്ന പൊന്നാനി കോൾനിലങ്ങളെന്ന പേരിൽ അറിയപ്പെടുന്ന ആയിരത്തോളം ഹെക്ടർ നിലം പുഞ്ചക്കോളാണ്, ഈ വേനലിൻറെ ആധിക്യം കാരണം തീരെ നശിച്ചുപോയി. അതിൽതന്നെ നാന്നൂറോളം ഹെക്ടർ തലപ്പള്ളി താലൂക്കിൽപ്പെട്ട പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. അങ്ങനെ നശിച്ച നെൽകൃഷിക്കാരുടെ സാമ്പത്തിക സ്ഥിതി വീണ്ടും എഴുന്നേൽക്കാൻ സാധിക്കാത്ത വിധത്തിൽ അത്ര ശോചനീയമായിരിക്കുകയാണ്. അവരെയും സഹായിക്കുന്നതിന് വേണ്ട നടപടികൾ കൃഷിവകുപ്പുമന്ത്രി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): വേണ്ടത്ര മഴ കിട്ടാതിരുന്നതുമൂലം തലപ്പള്ളി താലൂക്കിലെ കാട്ടകാമ്പാൽ, പഴഞ്ഞി എന്നീ വില്ലേജുകളിലെ കോൾനിലങ്ങളിൽ കൃഷി ചെയ്തിരുന്ന നെൽകൃഷി നശിച്ചുപോയിട്ടുണ്ട്. 382 ഹെക്ടർ പ്രദേശത്തെ കൃഷിയാണ് ഇപ്രകാരം നശിച്ചുപോയിട്ടുള്ളത്. അൻപത് ശതമാനത്തിൽ കൂടുതൽ കൃഷിനാശം സംഭവിച്ച കൃഷിക്കാർ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായനിധിയിൽ നിന്നും സഹായം ലഭിക്കാൻ അർഹരായവരാണ്. 531 കർഷകരിൽ നിന്നുള്ള അപേക്ഷകൾ പരിശോധന നടത്തിക്കഴിഞ്ഞു. ഇവർക്ക് സഹായം നൽകാൻ 1,14,600 രൂപ വേണ്ടിവരും. മുൻപ് പറഞ്ഞ വില്ലേജുകളിലെ കവുങ്ങ് കൃഷിയേയും വേനൽ ബാധിച്ചിട്ടുണ്ട്. രണ്ടായിരം കവുങ്ങുമരങ്ങൾ നശിച്ചുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് സംബന്ധമായി 278 അപേക്ഷകൾ പരിശോധിച്ചു കഴിഞ്ഞിട്ടുണ്ട്. അവർക്ക് ധനസഹായം നൽകാൻ അൻപതിനായിരം രൂപ വേണ്ടിവരും. ഈ കർഷകർക്ക് അടിയന്തിരമായി ധനസഹായം സർക്കാർ എത്തിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: തലപ്പള്ളി താലൂക്കിലെ കവുങ്ങ് കൃഷിയാകെ നാശമായിരിക്കുകയാണ്. ഒരു വില്ലേജിലെ ഏലാ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്ഥിതിയാണ് മന്ത്രി പറഞ്ഞത്. മറ്റുള്ളതുംകൂടി അന്വേഷിച്ച് അവർക്ക് കൂടി ആനുകൂല്യങ്ങൾ നൽകണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എൻ. സുന്ദരൻ നാടാർ: കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും, ഡവലപ്പ്മെന്റ് ഓഫീസിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. നെൽകൃഷി നശിച്ചതിന് ഒരു ലക്ഷത്തി പതിനാലായിരത്തോളം രൂപയും കമുകു കൃഷി നശിച്ചതിന് അൻപതിനായിരം രൂപയും കർഷകർക്ക് ഉടനെ കൊടുക്കുന്നതാണ്.

III. സബ്മിഷൻ

(1) ആലുവായിൽ എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. കെ. മുഹമ്മദാലി: സർ, കേരളത്തിലെ വ്യവസായ കേന്ദ്രമായ ആലുവ വ്യവസായ മേഖലയിൽ ഒരു എൻജിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ട് വളരെയേറെ വർഷങ്ങളായി. ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങുവാനുള്ള സൗകര്യം വന്നപ്പോൾ സ്ഥല നിർണ്ണയത്തിനുവേണ്ടി നിയോഗിച്ച എക്സ്പെർട്ട് കമ്മറ്റിയുടെയും ആളുകൾ മുഖ്യമായ പരിഗണന നൽകിയത് കേരളത്തിലെ വ്യവസായ മേഖലയായ ആലുവ വ്യവസായ മേഖലയിൽ ആരംഭിക്കുകയെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള അനുവാദം കേന്ദ്രത്തിൽ നിന്ന് ലഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. സ്റ്റാഫ് നിയമനങ്ങളും അതുപോലെ തന്നെ അതിന്റെ മറ്റെല്ലാ കോഴ്സുകളുടെ കാര്യങ്ങളും തീരുമാനിച്ച് ഈ വർഷം തന്നെ കോളേജ് തുടങ്ങുവാനുള്ള അനുവാദം കേന്ദ്രത്തിൽ നിന്ന് ലഭിക്കുകയുണ്ടായി. നിർഭാഗ്യവശാൽ അനുവാദം ലഭിച്ചിട്ടും കോളേജ് തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചില്ല. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ടുകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയായ ആലുവ വ്യവസായ മേഖലയിൽ ഈ കോളേജ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു ജില്ലയായ എറണാകുളം ജില്ലയിൽ ഒരു സ്ഥാപനമുണ്ടാകുന്ന കാര്യത്തിൽ വേണ്ട താത്പര്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പല പ്പോഴും ഇതുപോലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളുണ്ടാക്കുന്ന അവസരത്തിൽ സ്വാഭാവികമായി വികസന സാദ്ധ്യതയുള്ള എറണാകുളം ജില്ലയെ അവഗണിക്കുന്നുവെന്ന പരാതിയുണ്ടാകുന്ന സാഹചര്യത്തിലാണ് ഈ കോളേജിന്റെ പ്രശ്നം ഉയർന്ന് വന്നിരിക്കുന്നത്. കേരളത്തിൽ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതിൽ എല്ലാ വിധത്തിലുമുള്ള സൗകര്യങ്ങളും സാഹചര്യങ്ങളുമുള്ള എറണാകുളം ജില്ലയിൽ അതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചിട്ടും വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുന്നത്, കാലതാമസം വരുത്തുന്നത് നിർഭാഗ്യകരമാണ്. ആ സാഹചര്യം ഒഴിവാക്കികൊണ്ട് ഈ വർഷം തന്നെ കേന്ദ്രഗവൺമെന്റിന്റെ അനുവാദം

LIBRARY ARCHIVES Kerala Legislative Assembly